ഗ്രാമീണ്‍ കൃഷി മൗസം സേവാ

കാര്‍ഷിക കാലാവസ്ഥ നിര്‍ദ്ദേശക ബുള്ളറ്റിന്‍, തൃശ്ശൂര്‍ജില്ല

പ്രവചന കാലയളവ് 29.1.2022 മുതല്‍ 02.2.2022 വരെ

വെള്ളാനിക്കര കേരള കാര്‍ഷിക സര്‍വ്വകലാശാലയിലെ
കാര്‍ഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ.എ.എസ് ബുള്ളറ്റിന്‍ നമ്പര്‍ 04/2021, (8) വെള്ളിയാഴ്ച്ച | തീയ്യതി: 28/1/2022 |
|---|---|

**1. കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:**

| മഴ (മി.മി) | ഉയര്‍ന്ന താപനില (°C) | കുറഞ്ഞ താപനില (°C) | കൂടിയ അന്തരീക്ഷ ആര്‍ദ്രത (%) | കുറഞ്ഞ അന്തരീക്ഷ ആര്‍ദ്രത (%) | കാറ്റിന്റെവേഗത (കിലോമീറ്റര്‍/ മണിക്കൂര്‍) | സൂര്യപ്രകാശ ത്തിന്റെ അളവ് (മണിക്കൂര്‍) | ബാഷ്പീകര ണം (മി.മി) |
|---|---|---|---|---|---|---|---|
| (0.0) | (32.6-34.7) | (18.9-22.7) | (87-96) | (38-54) | (1.9-2.8) | (7.7-9.7) | (2.9-4.1) |

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യന്‍ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങള്‍ | 29.1.2022 | 30.1.2022 | 31.1.2022 | 01.2.2022 | 02.2.2022 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റര്‍) | 0 | 0 | 0 | 0 | 0 |
| ഉയര്‍ന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആര്‍ദ്രത (%) | 79 | 79 | 79 | 79 | 79 |
| കുറഞ്ഞ അന്തരീക്ഷ ആര്‍ദ്രത (%) | 42 | 42 | 42 | 42 | 42 |
| കാറ്റിന്റെവേഗത(കിലോമീറ്റര്‍/മണിക്കൂര്‍) | 12 | 10 | 2 | 2 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 70 | 70 | 250 | 250 | 250 |
| മേഘവ്യാപ്തി (ഒക്ട) | 2 | 2 | 4 | 5 | 3 |

കാലാവസ്ഥാ അറിയിപ്പ്: **വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാല്‍ ആവശ്യഘട്ടങ്ങളില്‍ വിളകള്‍ക്ക് നന കൊടുക്കേണ്ടതാണ്.** കേരളത്തില്‍ ശരാശരിയേക്കാള്‍ കുറവ് മഴ ലഭിക്കാന്‍ സാധ്യത.

**അടുത്ത അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ജനുവരി 29 | 2022 ജനുവരി 30 | 2022 ജനുവരി 31 | 2022 ഫെബ്രുവരി 01 | 2022 ഫെബ്രുവരി 02 |
|---|---|---|---|---|
| മഴ ഇല്ല | | | | |

**3. വിള പരിപാലനത്തിനുള്ള പൊതുനിര്‍ദ്ദേശങ്ങളും കാര്‍ഷിക നിര്‍ദ്ദേശങ്ങളും**

**പൊതുനിര്‍ദ്ദേശങ്ങള്‍:വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാല്‍ ആവശ്യഘട്ടങ്ങളില്‍ വിളകള്‍ക്ക് നന കൊടുക്കേണ്ടതാണ്. കാറ്റിന് വേഗത കൂടാന്‍ സാധ്യതയുള്ളതിനാല്‍ വാഴക്ക് താങ്ങു കാലുകള്‍ നല്‍കുക. പച്ചക്കറി പന്തലുകള്‍ ബലപ്പെടുത്തുക.**

| വിളകള്‍ | രോഗ കീടങ്ങള്‍ | | കാര്‍ഷിക/ മൃഗസംരക്ഷണ നിര്‍ദ്ദേശങ്ങള്‍ |
|---|---|---|---|
| **നെല്ല്** (മുണ്ടകന്‍) | കൊയ്ത്തു പരുവം |  | മുണ്ടകന്‍ കൃഷി കൊയ്ത്തു പരുവത്തിലാണ്. |
| **നെല്ല് പുഞ്ച** (ഞാറ് **പരുവം)** | വിള പരിചരണം |  | സ്യൂഡോമോണാസ് കള്‍ച്ചറിന്റെ ലായനിയില്‍ വേര് അരമണിക്കൂര്‍ കുതിര്‍ത്തു നട്ടാല്‍ പിന്നീട് പോളരോഗം, പോള അഴുകല്‍, ഇലപ്പുള്ളി രോഗങ്ങള്‍ ഒരു പരിധിവരെ തടയാം. |
| മുളക് | ഇലപ്പേന്‍ |  | മുളകില്‍ ഇലപ്പേനിന്റെ ആക്രമണം കാണാന്‍ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയത്തക്ക വിധം 10 ദിവസം ഇടവേളകളിലായി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കില്‍ സ്പൈറോമെസിഫെന്‍ 8 മില്ലി പത്ത് ലിറ്റര്‍ വെള്ളത്തില്‍ കലക്കി തളിക്കുക. |
| കവുങ്ങ് | മണ്ഡരി |  | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാല്‍ കവുങ്ങില്‍ മണ്ഡരി കാണാന്‍ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി വെറ്റബിള്‍ സള്‍ഫര്‍ രണ്ട് ഗ്രാം ഒരു ലിറ്റര്‍ വെള്ളത്തില്‍ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് പശുക്കള്‍ക്ക് സാംക്രമിക രോഗങ്ങള്‍ക്ക് എതിരെയുള്ള കുത്തിവെയ്പുകള്‍ നല്‍കുക. കാലിതീറ്റയില്‍ പൂപ്പല്‍ വിഷബാധയേല്‍ക്കാതെ സൂക്ഷിക്കുക. (CAADECCS, KVASU,മണ്ണുത്തി) | | |